# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2427** 17.08.2017 -ലെ മറുപടി

## നേമം നിയോജക മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഒ.രാജഗോപാൽ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ, നേമം നിയോജക മണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം;<br><br>(ബി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) യും (ബി) യും | 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ, നേമം നിയോജക മണ്ഡലത്തിലെ പനത്തുറക്കരയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2010-ൽ 14.90 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ബഡ്ജറ്റിൽ മതിയായ തുക ഉൾപ്പെടുത്താതിരുന്നതിനാൽ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല. |
| (സി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പനത്തുറക്കരയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണവും 1750 മീറ്റർ കടൽ ഭിത്തിയുടെ പുനർ നിർമ്മാണവും മറ്റ് രണ്ട് പുലിമുട്ടുകളുടെ പുനർ നിർമ്മാണവും ചേർത്തുള്ള പ്രൊപ്പോസൽ 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ